# വിളഞ്ഞു വളയുന്ന
# സാംസ്കാരിക കേരളം

“മട്ടലിൻെറ തലക്കൽ ചവിട്ടിയതുപോലെ” എന്നത് ഒരുപക്ഷേ പ്രാദേശിക ചൊല്ലാവാം. ഒരു തലക്കൽ ചവിട്ടിയാൽ മറുതല പൊങ്ങുകയും സംതുലിതത്വം തെറ്റുന്നതുമാണ് സംഗതി. നമ്മുടെ പല കാര്യങ്ങളും അങ്ങനെയായിട്ടുണ്ട്.

പല സാമ്പ്രദായിക രീതികളെയും തിരുത്തിയും അവഗണിച്ചുമാണ് നാം കേരളീയർ ജീവിക്കുന്നത്. ശാസ്ത്രീയത, പുരോഗതി, നേട്ടം തുടങ്ങിയവ നാം ലക്ഷ്യമിടുന്ന ജീവിതവിതാനങ്ങളാണ്. അതിനു വേണ്ടി സാഹസികമായ കാൽവെപ്പുകൾക്കു പോലും നാം മുതിരാറുണ്ട്.

“ഉയർന്ന സാങ്കേതിക വിദ്യാഭ്യാസം” ഇന്ന് വാശിയായി മാറിയ ജീവിതമേഖലയാണ്. അതുകൂടാതെ ഭാവി അനിശ്ചിതമാണെന്ന ഭയം സാധാരണമായിട്ടുണ്ട്. അതിനുള്ള നെട്ടോട്ടവും സ്ഥിരം കാഴ്ചകളാണ്.

സമ്പാദിക്കാനും സുഖം അനുഭവിക്കുനുമുള്ള ത്വരയും ശ്രമവും ഇതോടൊപ്പം ചേർത്തുവായിക്കേണ്ട ജീവിതചലനങ്ങളാണ്. ജീവിതത്തിൻെറ പൊതുവായ ലക്ഷ്യം ഭൗതികനില്പിനാധാരമായ സമ്പത്താണിന്ന്. അതിൻെറ ചുറ്റുവട്ടങ്ങളിൽ ഹിതാഹിതങ്ങളെന്ന വൈകാരികതക്ക് സ്ഥാനം ഇല്ലാതായിരിക്കുന്നു.

ഇവ ജീവിതകാഴ്ചകളുടെ ഒരു വശം. മറുവശത്ത് അതിഭീകരമായ രംഗങ്ങളാണുള്ളത്.

കണ്ടാൽ കൊള്ളാവുന്ന ഒരുത്തിയെങ്ങാനും തൻെറ കാഴ്ചവട്ടത്തിലൂടെ കടന്നുപോയാൽ അവളെ തനിക്ക് കാഴ്ചവെക്കണമെന്ന പഴയകാല നാടുവാഴിത്തത്തിൻെറ വിവരംകെട്ടതും തരംതാണതും അഹങ്കാരപൂർണവുമായ ക്രീഢകളെപ്പറ്റി പറഞ്ഞുകേട്ടിട്ടുണ്ട്. നമ്മുടെ സംസ്കാരവും അതിലേക്ക് കൂപ്പുകുത്തിത്തുടങ്ങിയി ട്ടുണ്ട്. മേൽപറഞ്ഞ തരത്തിലുള്ള പരോഗതികളിലൊന്നും നമ്മുടെ സംസ്കാരത്തെ സ്പർശിച്ചിട്ടില്ല. പരിഷ്കാരങ്ങൾക്കുവേണ്ടി സംസ്കാരത്തെ കൈവെടിഞ്ഞവരാണ് നമ്മുടെ ഇളംതലമുറ.

മയക്കുമരുന്ന്, മോഷണം, സ്ത്രീകളുടെ നേരെയുള്ള കടന്നുകയറ്റം. ഇവ മൊത്തത്തിൽ നമ്മുടെ ശാപമായി വളർന്നുവരികയാണ്. ഇക്കാര്യത്തിൽ സാധാരണക്കാരെന്നോ, വിദ്യാസമ്പന്നരെന്നോ, നേതാക്കളെന്നോ, ഭരണകർത്താക്കളെന്നോ വ്യത്യാസമില്ല. ഇളംതലമുറയെ ഒരുമിച്ചുകൂട്ടുന്ന വികാരം ഇത് മാത്രമായിട്ടുണ്ട്. തിരുത്താൻ മുതിർന്നവർക്ക് സാധിക്കുന്നില്ല.

ഒരു ഭാഗത്ത് സാങ്കേതികരംഗത്തെ മികവ്. മറുവശത്ത് സാംസ്കാരികവും മനുഷ്യത്വപരവുമായ കാടത്തം. വൈരുദ്ധ്യാത്മകമായ ഈ പരിഷ്കാരവും വികാരവുമാണ് നമ്മുടെ ജീവിതത്തിന് കുറെ കാലമായി നിറം കൊടുക്കുന്നത്.

മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ ഒരു കൊലയോ അക്രമമോ നടന്നാൽ പ്രതിഷേധിച്ചിരുന്ന നമ്മുടെ സംസ്ഥാനം ഇന്ന് ഇന്ത്യമഹാരാജ്യത്തെ ഗുണ്ടാസംസ്ഥാനങ്ങളുടെ പട്ടികയിൽ സ്ഥാനം നേടിയത് പരിഷ്കാരമൊന്നുമല്ല.

സഹതാപത്തിൻെറ പേരിൽ ശബ്ദിക്കാനുള്ള അവകാശം നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. കാരണം, നാം തന്നെയാണ് കുറ്റകൃത്യങ്ങളിൽ മുന്നേറുന്നവർ. എവിടെയോ നഷ്ടപ്പെട്ട ജീവിതനേർരേഖ കണ്ടെത്തുന്നതിൽ നാം തികഞ്ഞ കൃത്യവിലോപമാണ് കാണിക്കുന്നത്. അതാകട്ടെ നമ്മുടെ കൺമുമ്പിലുണ്ട് താനും.

ആർക്കും ആരോടും ഉത്തരവാദിത്തമില്ലാത്ത ഒരു കാലം. ഭിഷഗ്വരനുപോലും രോഗിയുടെ ജീവൻ എന്തെങ്കിലുമാകട്ടെ എന്ന കാഴ്ചപ്പാടാണുള്ളത്. പരസ്പരം സഹകരിച്ചു മുന്നോട്ടു നീങ്ങേണ്ട വിദ്യാർഥികൾ പോലും റാഗിങ്ങ് എന്ന പോട്ട്ലാച്ചിയിലൂടെ (ക്രൂരവിനോദം) നഷ്ടപ്പെടുത്തുന്നത് ഒരു ജീവനെ മാത്രമല്ല അനേകം പേരുടെ ജീവിതത്തെയാണ്. എന്നിട്ടും നമുക്കൊരു പ്രയാസവുമില്ല. നാം വളരുകയാണ് മതങ്ങളുടെ പേരിലും ഇതൊക്കെയാണ് നമ്മുടെ നാടിൻെറ സ്ഥിരം കസർത്ത്. നാം വിളഞ്ഞു വിളഞ്ഞു നാശത്തിൻെറ കുഴിയിലേക്ക് വളയുന്നത് കാണാൻ നമുക്ക് സാധിക്കുന്നില്ല.